# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5707** **18.11.2019 – ൽ മറുപടിക്ക്.**

**കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകാൻ നടപടി**

ചോദ്യം

**ശ്രീ.ബി.ഡി. ദേവസ്സി**

**(എ)** നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുകൾ ലഭിച്ചിട്ടുള്ള നിരാലംബരും സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നതുമായ കുടുംബങ്ങൾക്ക് പ്രസ്തുത കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

**(ബി)** ഇല്ലെങ്കിൽ, ഇതിനാവശ്യമായ നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

**(എ) യും (ബി) യും** നിലവിൽ മുൻഗണനേതര റേഷൻ കാർഡുകൾ ലഭിച്ചവരും എന്നാൽ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരുമായ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി ആകെ 30-ഓ അതിലധികമോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോരിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. മുൻഗണനാ പട്ടിക നിരന്തരമായ പരിഷ്കരിക്കണത്തിന് വിധേയമായതിനാൽ അർഹരെ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ല.

**സെക്ഷൻ ഓഫീസർ**